©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2023 ഏപ്രിൽ 04<br>04th April 2023<br>1198 മീനം 21<br>21st Meenam 1198<br>1945 ചൈത്രം 14<br>14th Chaithra 1945 | നമ്പർ<br>No. 1268 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

[2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നമ്പർ തസ്വഭവ-ആർ.ഡി2/44/2019-തസ്വഭവ. തീയതി, *തിരുവനന്തപുരം, 2023, മാർച്ച് 28.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ (പന്തളം മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രദേശത്തിന്റെ), പന്തളം മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ, 2016–ലെ കേരള നഗര –ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016 –ലെ 9) 36–ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ)നം. 28/2023/എൽ.എസ്.ജി.ഡി തീയതി 30/01/2023 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : വെൺമണി ഗ്രാമപഞ്ചായത്ത്, കുളനട ഗ്രാമപഞ്ചായത്ത്

തെക്ക് : ഉമ്പമൺ ഗ്രാമപഞ്ചായത്ത്, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

കിഴക്ക് : പള്ളിക്കൽ ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് : പാലമേൽ ഗ്രാമപഞ്ചായത്ത്, നൂറനാട് ഗ്രാമപഞ്ചായത്ത്

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) *അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ* – ഇല്ല

(ബി) *പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ– നിലവിലില്ല*

(സി) *മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക* – ബാധകമല്ല

(ഡി) *നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ* – ഇല്ല

2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ 36–ാം വകുപ്പ് 10-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, പന്തളം മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ. ഷർമിള മേരി ജോസഫ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.04.04 08:10:31 +05:30